LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള വാറ്റ് നിയമം അനുശാസിക്കുന്ന പ്രകാരം ആവശ്യമായ എല്ലാ രേഖകളുമായി എത്തുന്ന ചരക്ക് വാഹനങ്ങൾക്ക് നിലവിൽ പരിശോധനകൾക്കായി കാത്തുകിടക്കേണ്ട സാഹചര്യം ഇല്ല.

(ബി) ചില ഒറ്റപ്പെട്ട സമരങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തിന്റെ അവശ്യസാധന വിപണിയെ ഈ സമരങ്ങൾ ബാധിച്ചിട്ടില്ല. ഒറ്റപ്പെട്ട സമരങ്ങൾ ഒഴിവാക്കുന്നതിലേക്ക് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ധനകാര്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ചർച്ചകൾ നടത്തി ലോറിക്കാർ ഉന്നയിച്ച പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയിട്ടുണ്ട്.

(സി) ചെക്ക്പോസ്റ്റുകൾവഴി പരിശോധനകൾ നടത്തി ചരക്ക വാഹനങ്ങളുടെ ഗതാഗതം സുഗമമാക്കുന്നതിലേക്ക് നിലവിലുള്ള ജീവനക്കാരെ കാര്യക്ഷമമായി പ്രയോജനപ്പെടുത്തിയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും പരിഹാരമുണ്ടാക്കിയിട്ടുണ്ട്. കൂടാതെ പരിശോധന കാര്യക്ഷമമാക്കുന്നതിനും ചരക്കുഗതാഗതം സുഗമമാക്കുന്നതിനും സംയോജിത ചെക്ക്പോസ്റ്റ് സമ്പ്രദായം നടപ്പിലാക്കി വരുന്നു.

(ഡി) തിരുവനന്തപുരം ജില്ലയിലെ അമരവിളയിൽ സംയോജിത ചെക്ക്പോസ്റ്റ് പ്രവർത്തിക്കുന്നുണ്ട്. പാലക്കാട് ജില്ലയിലെ വാളയാർ ചെക്ക്പോസ്റ്റിൽ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തി സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാഥമിക ഘട്ടത്തിലാണ്. കൂടാതെ മുത്തങ്ങ, ബംഗ്ലമഞ്ചേശ്വരം, ആര്യങ്കാവ്, വഴിക്കടവ് എന്നീ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളെ സംയോജിത ചെക്ക് പോസ്റ്റുകളാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രവൃത്തികളുടെ ഇ-ക ബേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടി

107 (4689) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ഇ-ക ലഭ്യമാക്കുന്നതിൽ കാലതാമസം വരുന്നത് കാരണം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) എം.എൽ.എ-എസ്.ഡി.എഫ്. മാതൃകയിൽ ആസ്തി വികസന പദ്ധതിക്കും പ്രത്യേക നിധി രൂപീകരിച്ച് ഇ-ക വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഇക്കാര്യം ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ടി വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലില്ല.